# <u>ഇന്ത്യയും മ്യാന്മാറും തമ്മിലുള്ള വിദേശ കാര്യാലയ ചര്ച്ചകള്</u>

ജൂലൈ 23, 2014

ഇന്ത്യയും മ്യാന്മാറും തമ്മിലുള്ള പതിനാലാം വട്ട വിദേശകാര്യാലയ ചര്ച്ചകള് ഇന്നലെ (ജൂലൈ 23 , 2014 ) ന്യൂഡെല്ഹിയില് നടന്നു . ഇന്ത്യന് പ്രതിനിധികളെ വിദേശകാര്യ സെക്രട്ടറി ശ്രീമതി സുജാത സിംഗ് നയിച്ചു, മ്യാന്മാര് പ്രതിനിധികള്ക്ക് മ്യാന്മാര് വിദേശകാര ഉപ മന്ത്രി യു താന്റ് ക്യാവ് നേതൃത്വം നല്കി

ഇരു രാജ്യങ്ങളും ചരിത്ര, വംശീയമായ , സാംസ്ക്കാരികപരവും മതപരവുമായത്തില് വേരൂന്നിയ ആഴമുള്ളതും ഊഷ്മളവുമായ ബന്ധം ഇന്ത്യയും മ്യാന്മാറും പങ്കു വക്കുന്നു. അന്താരാഷ്ട്ര പ്രാധാന്യം ഉള്ള ഉഭയകക്ഷി ബന്ധങ്ങള് ഇരു വിഭാഗവും മുഴുവനായി അവലോകനം ചെയ്തു. രാഷ്ട്രീയം, പാര്ലമെന്ററി ബന്ധങ്ങള് , സുരക്ഷ, വ്യാപാരവും നിക്ഷേപവും , വികസന സഹകരണം , കാര്യക്ഷമതാ നിര്മ്മാണം , ഗതാഗതം, അടിസ്ഥാന വികസനം , ഊര്ജം, സാംസ്ക്കാരികവും ജനങ്ങള് തമ്മിലുള്ള ബന്ധങ്ങള് എന്നിവയെ കുറിച്ചുമെല്ലാം ചര്ച്ചയുടെ ഭാഗമായി പരാമര്ശിച്ചു .
ഇരു രാജ്യങ്ങളും തമ്മിലുള്ള സൌഹൃദ ബന്ധങ്ങളില് രണ്ടു പ്രതിനിധി നേതാക്കളും സംതൃപ്തി പ്രകടിപ്പിച്ചു . ഇനി വരാനിരിക്കുന്ന ഉന്നത തല വിനിമയങ്ങളെ ഇരു വിഭാഗവും ഉറ്റു നോക്കുന്നുണ്ട് - നേരത്തെ തയാറാക്കിയ പ്രകാരം ഓഗസ്റ്റ് 2014 ല് നെ പൈ താവില് നടക്കുന്ന കിഴക്കന് ഏഷ്യ ഉച്ചകോടി ( ഈസ്റ്റ് ഏഷ്യ സമ്മിറ്റ് ) /ആസിയാന് റീജ്യണല് ഫോറം (ARF) മന്ത്രിതല ചര്ച്ചകള്ക്ക് പങ്കെടുക്കുവാന് ഇന്ത്യയുടെ വിദേശകാര്യ മന്ത്രിയുടെ സന്ദര്ശനം , നവംബര് 2014 നു ഈസ്റ്റ് ഏഷ്യന് സമ്മിറ്റ്/ആസിയാന് - ഇന്ത്യ ഉച്ചകോടിയില് പങ്കെടുക്കുവാന് ഇന്ത്യയുടെ പ്രധാനമന്ത്രിയുടെ സന്ദര്ശനം എന്നിവയാണവ
മ്യാന്മാര് ഉപ വിദേശകാര്യ മന്ത്രി ഇന്ത്യയുടെ വിദേശകാര്യ മന്ത്രിയുമായി ഉപചാരപൂര്വമുള്ള കൂടിക്കാഴ്ച നടത്തുകയും മ്യാന്മാറിലേക്ക് ഉഭയ കക്ഷി സന്ദര്ശനം നടത്തുവാനുള്ള മ്യാന്മാര് വിദേശകാര്യ മന്ത്രിയുടെ ക്ഷണം അറിയിക്കുകയും ചെയ്തു

ന്യൂഡെല്ഹി,
ജൂലൈ 23, 2014